പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2245 | 10.10.2011- ലെ മറുപടി

കോഴിക്കോട് - പേരാമ്പ്ര - കുറ്റ്യാടി റൂട്ടിൽ യാത്രാ ക്ലേശം

ചോദ്യം | ഉത്തരം

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

ശ്രീ. വി.എസ്. ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | കോഴിക്കോട് - പേരാമ്പ്ര -കുറ്റ്യാടി റൂട്ടിൽ യാത്രാ ക്ലേശം അനുഭവപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ ഇതു പരിഹരിക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ ; | (ബി) | കോഴിക്കോട് - പേരാമ്പ്ര -കുറ്റ്യാടി റൂട്ടിൽ യാത്രാ ക്ലേശം പരിഹരിക്കുന്നതിന്റെ ഭാഗമായി ഈ റൂട്ടിലെ ചെയിൻ സർവ്വീസുകൾ മുഴുവൻ ഓടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. പുറമെ ഓടാതെ കിടന്ന ഒരു ഷെഡ്യൂൾ പുനക്രമീകരിച്ച് നടത്തി വരുന്നുമുണ്ട്. കോഴിക്കോട് ഡിപ്പോയുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായി ഡീസൽ പമ്പിന്റെ പ്രവർത്തനം നിലച്ചതാണ് ഈ റൂട്ടിലെ സർവ്വീസുകൾ താറുമാറാകാൻ കാരണം. കോഴിക്കോട് ഡിപ്പോയുടെ നിർമ്മാണ പ്രവർത്തനം പൂർത്തിയാകുന്നതോടു കൂടി ഈ പ്രശ്നം പരിഹരിക്കാൻ കഴിയുമെന്ന് കരുതുന്നു. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത റൂട്ടിൽ പ്രൈവറ്റ് ബസ്സുകൾ ട്രിപ്പുകൾമുടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് തടയുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ട്രിപ്പ് മുടക്കുന്ന ബസ്സുകൾക്കെതിരെ നടപടി എടുത്തിട്ടുണ്ട്. നിർബന്ധമായും ബസ്സുകൾ ട്രിപ്പ് മുടങ്ങാതെ ഓടിക്കുവാൻ വേണ്ട നിർദ്ദേശങ്ങൾ ബന്ധപ്പെട്ടവർക്ക് നൽകിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത റൂട്ടിൽ നിലവിൽ എത്ര കെ.എസ്.ആർ.ടി.സി. ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട് ; നേരത്തെ എത്ര ബസ്സുകൾ സർവ്വീസ് നടത്തിയിരുന്നു ; | (ഡി) | ചെയിൻ സർവ്വീസുകൾ തുടങ്ങുന്നതിന് മുൻപ് 30 ട്രിപ്പുകൾ നടത്തിയിരുന്നിടത്ത് ഇപ്പോൾ 62 ട്രിപ്പുകൾ നടത്തുന്നുണ്ട്. |
| (ഇ) | കെ.എസ്.ആർ.ടി.സി. ബസ്സുകൾ പ്രസ്തുത റൂട്ടിൽ സർവ്വീസ് നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ? | (ഇ) | ബസ്സും ജീവനക്കാരും ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ കൂടുതൽ സർവ്വീസുകൾ ആരംഭിക്കുന്ന കാര്യം പരിശോധിക്കാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ